ഗ്രാമ ന്യായാലയം  മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2026 മാർച്ച് 19, വ്യാഴം  (1947 ഫാൽഗുനം 29)

.....................................................................................................................................................

## CMP No. 01/2026 in S.T. 179/2023

| | |
|---|---|
| ഹർജിക്കാരൻ | പുവ്വത്തിങ്കൽ സുബൈർ ഷാനവാസ്, 40 വയസ്സ്, S/o പുവ്വത്തിങ്കൽ സുബൈർ, ആല വില്ലേജ്, കോതപറമ്പ് ദേശത്ത്, കൊടുങ്ങല്ലൂർ താലൂക്ക് |
| | (അഡ്വ: കെ കെ അൻസാർ ) |
| എതിർകക്ഷികൾ | 1.കേരള സർക്കാരിനു വേണ്ടി  എസ് .എച്ച് .ഒ., കൈപമംഗലം പോലീസ് സ്റ്റേഷൻ (ശ്രീ . അബ്ദുൾ അഹദ് ആർ, എ.പി.പി, ഗ്രാമന്യായാലയം മതിലകം) |
| Offence :- | U/s. 304(A) IPC. |
| Order:- | ഹർജി അനുവദിച്ച് ഉത്തരവാകുന്നു. |

ഈ ഹർജി ഇന്നേ ദിവസം വാദത്തിനു വരുകയും, താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**<u>ഉത്തരവ്</u>**

1. ക്രിമിനൽ നടപടിനിയമപ്രകാരം 205-ാം വകുപ്പ് അനുസരിച്ച് കോടതി മുമ്പാകെ തുടർനടപടികളിൽ വ്യക്തിപരമായി ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കി അഭിഭാഷകൻ മുഖേന ഹാജരാകാൻ അനുമതി ലഭിക്കുന്നതിന് പ്രതി സമർപ്പിച്ചതാണ് മേൽ നമ്പർ ഹർജി. ഹർജിയോടൊപ്പം ടി പ്രതിയുടെ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്.

2. ST 179/2023ാം നമ്പർ കേസ് ഒന്നാം പ്രതിക്ക് എതിരേ ഇന്ത്യൻ ശിക്ഷാനിയമം 304(A) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് കൈപമംഗലം പോലീസ് ക്രൈം നമ്പർ 160/2023 ആയി രജിസ്റ്റർ ആക്കിയിട്ടുള്ളതാണ്.

3. ഹർജിയുടെ ചുരുക്കം: ഹർജിക്കാരൻ മേൽ നമ്പർ കേസിലെ പ്രതിയാണ്. ഹർജിക്കാരനെതിരെ ആരോപിച്ചിരിക്കുന്ന കുറ്റം ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304-A വകുപ്പ് പ്രകാരമാണ്. ഹർജിക്കാരന് F 7268732 നമ്പറിലുള്ള പാസ്പോർട്ട് ഉണ്ടായിരുന്നതും, അതിന്റെ കാലാവധി 03.04.2016 ന് അവസാനിച്ചതുമാണ്. ഹർജിക്കാരന് വിദേശത്ത് ഒരു ജോലി ലഭിച്ചിട്ടുള്ളതും, ടി ജോലി ഹർജിക്കാരന്റെയും കുടുംബത്തിന്റെയും ഏക വരുമാന മാർഗ്ഗമാണെന്നും ബോധിപ്പിച്ചിരിക്കുന്നു. കേസിൽ തന്റെ തിരിച്ചറിയൽ (identity) സംബന്ധിച്ച് യാതൊരു തർക്കവും ഉന്നയിക്കുകയില്ലെന്നും, തുടർനടപടികളിൽ അഭിഭാഷകൻ മുഖേന ഹാജരാകാമെന്നും, കോടതി ആവശ്യപ്പെടുന്ന സമയത്തോ ക്രിമിനൽ

നടപടിനിയമം 313 പ്രകാരമുള്ള വിചാരണ സമയത്തോ ആവശ്യമായാൽ നേരിട്ട് ഹാജരാകാമെന്നും ഹർജിക്കാരൻ ഹർജിയോടൊപ്പം സമർപ്പിച്ച സത്യവാങ്മൂലം മുഖേന അറിയിച്ചിട്ടുണ്ട്. ആയതിനാൽ, കോടതിയിൽ അഭിഭാഷകൻ മുഖേന ഹാജരാകാൻ അനുമതി തേടിയാണ് ഹർജിക്കാരൻ ഈ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

4. ഹർജി പകർപ്പ് APP ക്ക് നൽകി.

5. പ്രതി നേരിട്ടും അഭിഭാഷകൻ മുഖേനയും കോടതി നടപടികളിൽ പങ്കെടുത്ത് വരികയാണ്. സമ്മൺസ് ലഭിച്ച പ്രതി കോടതിയിൽ ഹാജരായി ജാമ്യം എടുത്തിട്ടുണ്ട്. കുറ്റപത്രക്കം വായിച്ച് കേൾപ്പിച്ചു. ആയത് പ്രതി നിക്ഷേധിച്ചിട്ടുള്ളതാണ്. പ്രതിക്ക് വിദേശത്തേക്ക് ജോലി ശരിയായിട്ടുള്ളതിനാലും ഹർജിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്ന്, ഈ കേസിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304(A) വകുപ്പ് പ്രകാരം ശിക്ഷാർഹമാണെങ്കിലും, ഹർജിക്കാരൻ കേസിൽ ജാമ്യത്തിലാണെന്നും, കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കാൻ സന്നദ്ധനാണെന്നും വ്യക്തമാണ്. കൂടാതെ, തൊഴിൽ നേടാനും ഉപജീവനം നടത്താനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഓരോ പൗരനും ഉറപ്പുനൽകുന്ന മൗലികാവകാശമാണ്. തൊഴിൽ അവസരം ലഭിച്ച സാഹചര്യത്തിൽ പ്രതിയെ ഈ കേസിൽ നേരിട്ട ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കി ടിയാനെ വക്കീൽ മുഖാന്തിരം കേസിൽ ഹാജരാകുന്നതിന് അനുവദിക്കേണ്ടത് അത്യാവശ്യമായതിനാൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈ ഹർജി അനുവദിച്ച് ഉത്തരവാകുന്നു.

i. ഹർജിക്കാരൻ മേൽ വിചാരണകളിൽ നേരിട്ട് ഹാജരാകാതെ അഭിഭാഷകൻ മുഖേന ഹാജരാകുന്നതിന് ഈ കോടതി അനുവാദം നൽകിയിരിക്കുന്നു.

ii. വിചാരണ വേളയിൽ ഹർജിക്കാരൻ തങ്ങളുടെ identity സംബന്ധിച്ച് തർക്കം ഉന്നയിക്കില്ല എന്ന് ഹർജിക്കാരൻ ഉറപ്പ് നൽകേണ്ടതാണ്.

iii. കോടതി ആവശ്യപ്പെടുന്ന സമയത്ത് കോടതിയിൽ ഹാജരാകാമെന്ന് ഹർജിക്കാരൻ ഉറപ്പ് നൽകേണ്ടതാണ്.

iv. എല്ലാ വിചാരണ ദിവസങ്ങളിലും ഹർജിക്കാരൻ ഭാഗം അഭിഭാഷകൻ ഹാജരാകേണ്ടതും സാക്ഷികൾ ഹാജരുണ്ട് എങ്കിൽ വിചാരണ തടസ്സപ്പെടുത്താതിരിക്കാൻ സഹകരിക്കേണ്ടതുമാണ്.

v. Cr.PC 313(1) (b) പ്രകാരം ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുള്ള അധികാരം അഭിഭാഷകനെ ചുമതലപ്പെടുത്തുന്ന വക്കാലത്തോ ഹർജിയോ ഹർജിക്കാരൻ സമർപ്പിക്കേണ്ടതാണ്.

vi. പ്രതിയായ ഹർജിക്കാരന്റെ അഭാവത്തിൽ ഈ കോടതി എടുക്കുന്ന നടപടിക്രമങ്ങളെ പ്രതിയുടെ അഭാവത്തിൽ എടുത്തു എന്ന കാരണത്താൽ ചോദ്യം

ചെയ്യില്ല എന്ന് ഉറപ്പ് നൽകേണ്ടതാണ്.

vii. ടി നിബന്ധനകളെ സംബന്ധിച്ച് ഹർജിക്കാരൻ നൂതനമായ സത്യവാങ് മൂലം ഫയൽ ചെയ്യേണ്ടതാണ്.

(ഞാൻ പറഞ്ഞു കൊടുത്തത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി തിരുത്തി കോടതിയിൽ 19.03.2026 ന് ഇപ്രകാരം വിധി പറഞ്ഞിട്ടുള്ളതാണ്).

Sd/-
ന്യായാധികാരി,
ഗ്രാമന്യായാലയം മതിലകം

//ശരി പകർപ്പ്//

ന്യായാധികാരി,
ഗ്രാമന്യായാലയം മതിലകം

Order in CMP No. 01/2026

in S.T. 179/2023

Dated: 19.03.2026